## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2422** **09-12-2014 ലെ മറുപടിയ്ക്ക്**

### കേരള പേപ്പർ ലോട്ടറി നികുതി നിയമപ്രകാരം രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാരിന്റെ കാലത്ത് കേരള പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി നിയമ പ്രകാരം സംസ്ഥാനത്ത് രജിസ്ട്രേഷനു വേണ്ടി ലഭിച്ച അപേക്ഷകൾ എത്ര, ആരുടെതൊക്കെ, വിശദമാക്കാമോ ; | എ) | ഗോവ, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളുടെയും ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിലിന്റെയും ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഗോവ, നാഗാലാന്റ് എന്നീ ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിൽ, മിസോറാം എന്നിവയുടെ അപേക്ഷകൾ ലോട്ടറി നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു. |
| ബി) | രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് ആരിൽ നിന്നെല്ലാം നികുതി സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ; | ബി) | ആരിൽനിന്നും നികുതി സ്വീകരിച്ചിട്ടില്ല. |
| സി) | ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികളുടെ വില്പന ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ? | സി) | നിലവിൽ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.